LIBRARY ARCHIVES Kerala Legislative Assembly

ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും

173 (8233) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ കഴിഞ്ഞ വർഷത്തെ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും കൊടുത്തുതീർത്തിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും ഈ അദ്ധ്യയന വർഷത്തെ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും മുടക്കംകൂടാതെ കൊടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദളിത് ക്രൈസ്തവർ ഉൾപ്പെടെയുള്ളവർക്ക് കെ.പി.സി.ആർ. ആനുകൂല്യങ്ങൾക്ക് കുടിശ്ശിക ഇനം വിതരണം ചെയ്യുന്നതിനായി 54 കോടി രൂപയിൽ 47.5 കോടി രൂപ ഇതിനകംതന്നെ നൽകിക്കഴിഞ്ഞു. ബാക്കി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കടങ്ങൾ എഴുതിത്തള്ളുന്നതിന് പദ്ധതി

174 (8234) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെയും ദളിത് ക്രൈസ്തവരുടേയും കടങ്ങൾ എഴുതിത്തള്ളുന്നതു സംബന്ധിച്ച് ഒരു സ്കീം പ്രഖ്യാപിച്ചിരുന്നോ ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയനുസരിച്ച് എത്ര പട്ടികജാതിക്കാരുടെയും എത്ര പട്ടികവർഗ്ഗക്കാരുടെയും എത്ര ദളിത് ക്രൈസ്തവരുടെയും കടങ്ങൾ ഏതൊക്കെ വർഷങ്ങളിലായി എഴുതിതള്ളിയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ദളിത് ക്രൈസ്തവരുടെ കടങ്ങൾ ഒന്നും എഴുതിത്തള്ളിയിട്ടില്ല എന്ന പരാതി ഉന്നയിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) പ്രസ്തുത നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ജി) ദളിത് ക്രൈസ്തവരുടെ കടങ്ങൾ എഴുതിത്തള്ളാൻ തയ്യാറാകുമോ ?

ഉത്തരം

(എ & ബി) പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ, പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർ, സർക്കാർ വകപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ കുടിശ്ശികയായതുമായ 25,000 രൂപ വരെയുള്ള വായ്പകളുടെ 25,000 രൂപ വരെയുള്ള ബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനും അതിനുമുകളിലുള്ള തുകയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി വ്യവസ്ഥകൾക്ക് വിധേയമായി ഒറ്റത്തവണയായി തീർപ്പാക്കുന്നതിനും 12-11-2009-ലെ സ.ഉ.(അച്ചടി) 100/2009/പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ലഭിച്ചിട്ടുണ്ട്. എന്നാൽ, ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രസ്തുത ഉത്തരവിന്റെ കാലാവധി പല തവണ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ കോർപ്പറേഷനിൽനിന്നും എടുത്തിട്ടുള്ളതും 31-3-2011-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകൾ അടച്ചുതീർക്കാൻ സഹായകമായ വിധത്തിൽ 31-3-2013 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) അനുബന്ധമായി ചേർക്കുന്നു.*

(എഫ് & ജി) പരിശോധിക്കുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly